പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1792 10.02.2020-ലെ മറുപടിക്ക്

## റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സുരക്ഷാ പരിശോധന കർശനമാക്കുന്നതിനും ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണ നിരക്കും കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.<br>മോട്ടോർ വാഹന വകുപ്പ് കേരളത്തിലാകമാനം വ്യത്യസ്ത റോഡുകളിലായി 240 ക്യാമറകൾ വിന്യസിച്ചിട്ടുണ്ട്. ഇത്തരം ക്യാമറകൾ Red Light Violation, Speed Violation എന്നിവ കണ്ടുപിടിക്കുന്നു. ഇത്തരം ക്യാമറകളുടെ Controlling Station ആയി എറണാകുളത്തും കോഴിക്കോടും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം കൺട്രോൾ റൂമിന്റെ ചാർജ്ജ് മെമ്മോ അയയ്ക്കുന്നതടക്കമുള്ള പ്രവർത്തികൾ ചെയ്യുന്നത് KELTRON എന്ന ഏജൻസിയാണ്. കോഴിക്കോട് കൺട്രോൾ റൂമും KELTRON തന്നെയാണ് കൈകാര്യം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നത്. നാളിതുവരെ ഇതുപ്രകാരം 2047872 ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 47.81 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br>സുപ്രീം കോടതി നിയോഗിച്ച Supreme Court Committee on Road Safety യുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അപകടത്തിൽ കുറ്റക്കാരാണെന്ന് തെളിയുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു വരുന്നു. കൂടാതെ അപകടകരമായ ഡ്രൈവിംഗ്, മൊബൈൽ ഫോണിന്റെ ഉപയോഗം, ചരക്ക് വാഹനങ്ങളിൽ അമിത ഭാരം കയറ്റുക എന്നീ നിയമലംഘനങ്ങൾ നടത്തുന്നവരുടെയും ലൈസൻസ് താത്കാലികമായി റദ്ദ് ചെയ്യുന്നു. 2019-ൽ ഇത്തരത്തിൽ 28020 ലൈസൻസ് മോട്ടോർ വാഹന വകുപ്പ് സസ്പെന്റ് ചെയ്യുകയുണ്ടായി. ഇത്തരത്തിൽ സസ്പെന്റ് ചെയ്യപ്പെടുന്നവർക്ക് corrective class-കൾ നൽകിയശേഷം മാത്രമേ ലൈസൻസ് പുനഃസ്ഥാപിച്ച് നൽകുകയുള്ളൂ.<br>ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശപ്രകാരം Decade Action Plan on Road Safety പദ്ധതി നടപ്പാക്കി വരുന്നു. 2011-2020 ആണ് ഈ പദ്ധതിയുടെ കാലയളവ്. ഇതിന്റെ ഭാഗമായി ഡ്രൈവിംഗ് പഠിതാക്കൾക്കും, ഡ്രൈവിംഗ് ലൈസൻസ് നേടിയവർക്കും വ്യത്യസ്ത തലത്തിലുള്ള പരിശീലനം നടത്തി വരുന്നു.<br>എല്ലാ വർഷവും ജനുവരി/ഫെബ്രുവരി മാസങ്ങളിൽ ഏതെങ്കിലും ഒരാഴ്ച റോഡ് സുരക്ഷാ വാരം ആയി ആചരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്ത തലത്തിലുള്ള ബോധവൽക്കരണ-വാഹനപരിശോധനകളും ഡ്രൈവർമാരുടെ കാഴ്ചക്ഷമത പരിശോധനയും സ്കൂൾ കുട്ടികൾക്കും മറ്റ് ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. ഇതോടനുബന്ധിച്ച് Student Police Cadet-നെയും സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഘുലേഖകൾ വിതരണം ചെയ്യുന്നു. കൂടാതെ മോട്ടോർ വാഹനറാലി, റോഡ് സുരക്ഷാ ബോധവൽക്കരണവുമായി ബന്ധപ്പെട്ട മൂകാഭിനയം, ഓട്ടൻ തുള്ളൽ എന്നിവ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിലെ എടപ്പാളിൽ Institute of Drivers Training and Research (IDTR) എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഇവിടെ Driving School Instructors Traninng Programme, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കുള്ള Training Programme, ട്രാഫിക് നിയമ ലംഘനങ്ങളിൽ പ്പെടുന്ന ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു വരുന്നു.<br>വാഹനങ്ങളിലെ വേഗത നിയന്ത്രിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും Speed Governor, Vehicle Location Tracking Device എന്നിവ ഘടിപ്പിച്ചു വരുന്നു. ഇത്തരം വാഹനങ്ങളുടെ സർവ്വീസുകൾ നിയന്ത്രിക്കുന്നതിലേക്കായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ കേന്ദ്രീകൃത കൺട്രോൾ റൂമും കൂടാതെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഓരോ കൺട്രോൾ റൂമും സജീകരിച്ചിട്ടുണ്ട്. VLTDS (GPS) ഘടിപ്പിച്ച വാഹനങ്ങളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി Panic Button ഘടിപ്പിച്ചിട്ടുണ്ട്. എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ ഈ ബട്ടൺ അമർത്താവുന്നതും ആയതിന്റെ സിഗ്നലുകൾ കൺട്രോൾ റൂമുകളിൽ അപ്പോൾ തന്നെ ലഭ്യമാവുകയും വേണ്ട നടപടികൾ ഉടൻതന്നെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന് സ്വീകരിക്കുവാൻ കഴിയുകയും ചെയ്യുന്നു. കൂടാതെ റൂട്ട് മാറി |

| | | | |
|---|---|---|---|
| | | | ഓടുക, ഓവർ സ്പീഡ് മുതലായ നിയമ ലംഘനങ്ങൾ വളരെ എളുപ്പത്തിൽ കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് റോഡപകടങ്ങളുടെ നിരക്ക് കുറഞ്ഞിട്ടുണ്ടോ എന്നതിന്റെ കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്താമോ? | (ബി) | റോഡപകടങ്ങളുടെ എണ്ണത്തിൽ നേരിയ വർദ്ധന ഉണ്ടായിട്ടുണ്ട്. |

| വർഷം | എണ്ണം |
|---|---|
| 2016 | 39420 |
| 2017 | 38470 |
| 2018 | 40181 |
| 2019 | 41153 |

**സെക്ഷൻ ഓഫീസർ**